<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645</u> <u>08-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വ്യവസായ വകുപ്പിന്റെ സംരംഭം ആരംഭിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിൽപ്പെട്ട മലയാംകുളം ജംഗ്ഷനിൽ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൈത്തറി വ്യവസായ സഹകരണ സംഘത്തിന്റെ സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് പ്രദേശവാസികൾക്ക് തൊഴിൽ ലഭിക്കുന്ന തരത്തിൽ വ്യവസായ വകുപ്പിന്റെ എന്തെങ്കിലും സംരംഭം ആരംഭിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ടി.വി.തോമസ് മെമ്മോറിയൽ ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വക 98 സെന്റ് സ്ഥലം വ്യവസായ വകുപ്പിന് കൈമാറാൻ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ, പ്രസ്തുത സ്ഥലത്ത് ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന്റെ പ്രായോഗികത പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ